## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3809      19/03/2018-ൽ മറുപടിയ്ക്ക്

### ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ പ്രീ-പ്രൈമറി സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ പ്രീ-പ്രൈമറി സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇപ്രകാരമുള്ള സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന നടത്താൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കുട്ടികൾക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ആസ്ബസ്റ്റോസ് അലുമിനിയം ഷീറ്റുകൾ മാറ്റുകയും കുട്ടികൾക്ക് ചൂട് ലഭിക്കാത്ത തരത്തിലുള്ള ക്ലാസ് മുറികൾ ഒരുക്കി അവരുടെ ആരോഗ്യവും പഠനാന്തരീക്ഷവും സംരക്ഷിക്കുന്നതിന് സ്കൂൾ പ്രഥമാധ്യാപകർ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവന്ന് ശാശ്വത പരിഹാരം കാണാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ആരോഗ്യ കാരണങ്ങളാൽ ആസ്ബറ്റോസ് ഷീറ്റ് മേഞ്ഞ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ എത്രയും പെട്ടെന്ന് മറ്റ് കെട്ടിടങ്ങളിലേക്ക് മാറ്റാൻ നിർദ്ദേശം നൽകുമോ; | (ബി) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നത് കർശനമാക്കുമോ? | (സി) കർശനമാക്കിയിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് സുരക്ഷ സംബന്ധിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ എഞ്ചിനീയർമാർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ